**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3057** | **13-07-2022 - ൽ മറുപടിയ്ക്ക്**

**ആലുവ - മൂന്നാർ റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ - മൂന്നാർ (രാജപാത) റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ (പഴയ ആലുവ-മൂന്നാർ രാജപാത) കോതമംഗലം മുതൽ കുട്ടമ്പുഴ വരെയുള്ള 20 കി.മീറ്റർ മാത്രമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉണ്ടായിരുന്നത്. ഈ ഭാഗത്ത് ആധുനീക രീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 14.08.2009ലെ സർക്കാർ ഉത്തരവ് പ്രകാരം കുട്ടമ്പുഴ മുതൽ പെരുമ്പൻകുത്ത് വരെയുള്ള 20 കി.മീറ്റർ കൂടി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കോതമംഗലം മുതൽ പെരുമ്പൻകുത്ത് വരെ ആകെയുള്ള 40 കി.മീറ്റർ റോഡും പൊതുമരാമത്ത് വകുപ്പിന് കൈമാറി യിട്ടുണ്ടെങ്കിലും 29.5 കി.മീറ്റർ മുതൽ 40 കി.മീറ്റർ (പൂയംകുട്ടി മുതലുള്ള ജനവാസമില്ലാത്ത മേഖല ) വരെയുള്ള ഭാഗം വനം വകുപ്പ് അടച്ചിട്ടിരിക്കുകയാണ്. പ്രസ്തുത ഭാഗംവനം വകുപ്പ് പൊതുമരാമത്ത് വകുപ്പിനു കൈമാറി നൽകിയിട്ടില്ലാത്തതിനാൽ ആ ഭാഗത്തേക്ക് പ്രവേശിക്കുവാനും, ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനം വകുപ്പിൽ നിന്നുംNOC ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, കോതമംഗലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയത്തിൽ നിന്ന് വനം വകുപ്പിന് കത്ത് നൽകിയെങ്കിലും അനുമതി ലഭ്യമായില്ല. ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ, മൂന്നാർ, മാങ്കുളം എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലേക്കും 20.06.2022 ൽ |

| | | | |
|---|---|---|---|
| | | | മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിട്ടുള്ളതാണ് വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ